# നൻമ ഫുഡ് പ്രൊഡക്ട്, മരുതോങ്കര

മരുതോങ്കര ഗ്രാമ പഞ്ചായത്തിലെ കോതോട് എന്ന സ്ഥലത്ത് 2012 ൽ 5 അംഗങ്ങൾ ചേർന്ന് ആരംഭിച്ച സംരംഭമാണ് നൻമ ഫുഡ് പ്രൊഡക്ട്. നിലവിൽ 4 പേർ മാത്രമാണ് ഈ ഗ്രൂപ്പിൽ പ്രവർത്തിക്കുന്നത്. കോതോട് ടൗണിൽ 2 മുറി കെട്ടിടത്തിലാണ് യൂണിറ്റ് പ്രവർത്തിക്കുന്നത്. 5 ലക്ഷം ലോൺ എടുത്താണ് ഈ യൂണിറ്റ് ആരംഭിച്ചത്. 50000 രൂപ സബ്സിഡിയായി ലഭിച്ചിട്ടുണ്ട്. നിലവിൽ ഈ സംരംഭത്തിന് യാതൊരു വിധ കടബാധ്യതയുമില്ല. മഞ്ഞൾപൊടി,മല്ലിപൊടി,മുളക്പൊടി എന്നീ ഉൽപ്പന്നങ്ങളാണ് യൂണിറ്റിൽ ഉത്പാദിപ്പാദിപ്പിക്കുന്നത്. ഉൽപ്പന്നങ്ങൾ ഹോംഷോപ്പ് മുഖേനയാണ് വിറ്റഴിക്കുന്നത്. മാസത്തിൽ ശരാശരി 1,12000/- രൂപ വിറ്റു വരവ് ഈ യൂണിറ്റിനുണ്ട്

നിരീക്ഷണങ്ങൾ

1. പാക്കിംഗ് മെച്ചപ്പെടുത്തേണ്ടതുണ്ട്. പാക്കിംഗ് മെഷീൻ യൂണിറ്റിന് ആവശ്യമാണ്.
2. മൂന്ന് വർഷക്കാലമായി ഓഡിറ്റ് നടത്തിയിട്ടില്ല.കണക്കെഴുത്തിൽ കുറച്ചു കൂടി വ്യക്തത വരുത്തണം.
3. കുടുംബശ്രീയുടെ ഭാഗത്തു നിന്നുള്ള സാമ്പത്തിക സഹായങ്ങൾ ലഭിക്കുകയാണെങ്കിൽ പ്രവർത്തനം മെച്ചപ്പെടുത്താൻ സാധിക്കും.
4. സ്വന്തമായി കെട്ടിടം ലഭിക്കുകയാണെങ്കിൽ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താൻ സാധിക്കും.

ഷൈനു പിസി

ബ്ലോക്ക് കോ ഓർഡിനേറ്റർ

ഡി.ഡി.യു.ജി.കെ.വൈ